ഇഹ്സാൻ

# ചോരനാറുന്ന മോഡിയുടെ തൊപ്പി

**ഗുജറാത്ത്** കലാപകാലത്ത് മോഡിയുടെ ആഭ്യന്തരമന്ത്രിയായിരുന്ന ഹിരൺ പാണ്ഡ്യയെ വധിച്ച കേസിൽ അറസ്റ്റിലായ ഹൈദരാബാദിലെ മൗലവി നസീറുദ്ദീനെ സുപ്രീം കോടതി ജാമ്യത്തിൽ വിട്ടയച്ച വാർത്ത അധികമൊന്നും ചർച്ച ചെയ്യപ്പെടാതെ പോയി. കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന മറ്റുള്ളവർ സുപ്രീം കോടതിയെ സമീപിക്കാൻ ഇടവരുന്നത് ചൂണ്ടിക്കാട്ടിയാണ് ഗുജറാത്ത് സർക്കാർ ഈ കേസിൽ തടസ്സവാദമുന്നയിച്ചതെന്ന് ശ്രദ്ധിക്കുക. അവർക്ക് മൂടിവെക്കാൻ ഇനിയും എന്തൊക്കെയോ ഉണ്ടെന്നർഥം. ഗുജറാത്തിലെ നിയമവും നീതിവാഴ്ചയുമൊക്കെ ഏതു നിലവാരത്തിലാണ് അരങ്ങേറുന്നത് എന്നതിന് ഈ കേസിനേക്കാൾ മികച്ച ഉദാഹരണമില്ല. അഹമ്മദാബാദിൽ നടന്ന സംഭവത്തിന് ഹൈദരാബാദിലുള്ള മൗലാനയെ പിടികൂടിയ പോലീസിന്റെ കേസ് തന്നെ തികച്ചും ദുരൂഹമായിരുന്നു. മാധ്യമങ്ങൾ പതിവ് പോലെ ചിത്രങ്ങൾ സഹിതം മൗലാനയുടെ താടിയും തലപ്പാവും ആഘോഷമാക്കി. നരേന്ദ്രമോഡിക്കു വേണ്ടി ക്വട്ടേഷൻ ഏറ്റെടുത്ത, സംഘ്പരിവാർ പോറ്റിവളർത്തുന്ന ഗുണ്ടാസംഘങ്ങളിൽ ഒന്നായ, പോർബന്തറിലെ ഭീമാദുലെയും കൂട്ടരുമാണ് കൃത്യം നടപ്പാക്കിയതെന്ന് നാടു മുഴുക്കെ പാട്ടായിട്ടും മൗലാന നസീറുദ്ദീൻ അടക്കമുള്ളവരുടെ ഗൂഢാലോചനയുടെ ഭാഗമായി അസ്ഗർ അലി എന്നൊരു ഗുണ്ടയാണ് കൃത്യം നടപ്പാക്കിയതെന്നായിരുന്നു സി.ബി.ഐ പോലും കണ്ടെത്തിയത്.

പാണ്ഡ്യയെ അസ്ഗർ അലി വെടിവെക്കുന്നത് 'നേരിൽ കണ്ട' യാദ്റാമിന്റെ മൊഴി കള്ളസാക്ഷ്യമാണെന്ന് മറ്റേത് കോടതിയിലും തെളിയിക്കപ്പെടുമായിരുന്നുവെങ്കിലും ഗുജറാത്തിലെ നീതിപീഠം ഈ ഒറ്റ മൊഴിയിൽ കേസിന്റെ ദുരൂഹതകളെ കുഴിച്ചുമൂടി. വൃഷണത്തിൽ നിന്നും അടിവയറിലേക്ക് തുളഞ്ഞുകയറിയ വെടിയേറ്റാണ് ഹിരൺ പാണ്ഡ്യ മരിച്ചതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. അതേസമയം സ്വന്തം കാറിലിരിക്കുന്ന പാണ്ഡ്യയെ പ്രതി റിവോൾവർ കൊണ്ട് വെടിയുതിർക്കുന്നത് താൻ കണ്ടുവെന്നാണ് യാദ്റാം കോടതിയിൽ പറഞ്ഞത്. ഹിരൺ പാണ്ഡ്യ തലകുത്തിനിന്ന് കാറോടിക്കുകയായിരുന്നു എന്നാണ് ഇതിന്റെ സ്വാഭാവികമായ വ്യാഖ്യാനം. വൃഷണത്തിൽ വെടിയേറ്റാൽ ശരീരത്തിലെ മറ്റേത് ഭാഗത്തു നിന്നും പുറത്തുവരുന്നതിനേക്കാളും രക്തം കാറിൽ ഉണ്ടാവണമായിരുന്നു. എന്നാൽ അതുണ്ടായിരുന്നില്ല. എന്നല്ല രണ്ട് മണിക്കൂർ നേരത്തേക്ക് ഭയം മൂലം താൻ ആരോടും ഇക്കാര്യം മിണ്ടിയില്ലെന്നും ഇയാൾ കോടതിയിൽ സമ്മതിച്ചു. നടുറോഡിൽ നടന്ന സംഭവത്തിന് ഒരേയൊരു ദൃക്സാക്ഷി! അതും കൊലപാതകം നടന്ന് മണിക്കൂറുകൾ പാണ്ഡ്യയും കാറും നടുറോഡിൽ കിടന്നിട്ടും ടെലിവിഷൻ മാധ്യമങ്ങൾ പോലും അടുത്തു വരാൻ മടിച്ച കേസ്. മരിച്ച പാണ്ഡ്യ കാറിലിരിക്കുന്നതിന്റെ ഒറ്റ ഫോട്ടോ പോലും കേസ്ഡയറിയിൽ ഒരിടത്തുമില്ല എന്നതും എടുത്തു പറയണം. പാണ്ഡ്യയുടെ ഫോണിൽ നിന്നും 2003 ജനുവരിയിലും ഫെബ്രുവരിയിലും വിളിച്ച കോളുകൾ ഹച്ച് എന്ന ടെലിഫോൺ കമ്പനിയുടെ കമ്പ്യൂട്ടറിലുണ്ട്. പക്ഷേ കൊലപാതകം നടന്ന മാർച്ച് മാസത്തിലെ രേഖകൾ 'പഴയതായതു' കൊണ്ട് ലഭ്യമല്ല! മറ്റെവിടെയോ വെച്ച് കൊല്ലപ്പെട്ട പാണ്ഡ്യയെ നടുറോഡിൽ കൊണ്ടുവന്നിട്ടതാണെന്നും ചിലരെ പോലീസ് കള്ളക്കേസിൽ കുടുക്കിയതാണെന്നും ഒറ്റനോട്ടത്തിൽ വ്യക്തമായ സംഭവം. ഗുജറാത്ത് കലാപത്തെ കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ അന്വേഷണ കമീഷനിൽ നരേന്ദ്രമോഡിക്കെതിരെ മൊഴികൊടുക്കാൻ തയാറായതിന്റെ പകയായിരുന്നു ഈ കൊലപാതകമെന്ന് പിൽക്കാലത്ത് പലരും ചൂണ്ടിക്കാട്ടിയിട്ടും മോഡിക്കെതിരെ ഒരു ചെറുവിരൽ പോലും അനങ്ങിയില്ല.

ഹിരൺ പാണ്ഡ്യ കേസ് വീണ്ടുമൊരിക്കൽ കൂടി നമുക്ക് ചർച്ചക്ക് വെക്കേണ്ടിവരുന്നത് ഗുജറാത്തിലെ കൊലയാളി ഭരണകൂടത്തെ കുറിച്ച തിരിച്ചറിവുകൾ ശക്തിപ്പെടുത്തുന്നതിനാണ്. മോഡിയെ വധിക്കാൻ ലക്ഷ്യമിട്ടെത്തിയെന്ന് ആരോപിക്കപ്പെടുന്ന 'ലശ്കറുകളെ' ഏറ്റുമുട്ടലിൽ വധിച്ച് പട്ടും വളയും തരപ്പെടുത്തുന്ന ഗുജറാത്തിലെ പോലീസുകാരെ നോക്കി ഒന്നിനു പിറകെ മറ്റൊന്നായി അസ്ഥികൂടങ്ങൾ പല്ലിളിക്കുന്ന കാലമാണിത്. ഒരു പ്രത്യേക മതവിഭാഗത്തിൽ പെടുന്നവരെ പച്ചക്കു വെടിവെച്ചു കൊല്ലുന്നതിനും കള്ളക്കേസിൽ കുടുക്കുന്നതിനും ഭരണകൂടം ഇതുപോലെ കൂട്ടുനിൽക്കുന്ന മറ്റൊരു സംസ്ഥാനവും ഇന്ന് ഇന്ത്യയിലില്ല. മൗലാന നസീറുദ്ദീനെ പിടികൂടുന്നതിനിടയിൽ ഒപ്പമുണ്ടായിരുന്ന സാഹിദ് സലീമിനെ ഗുജറാത്ത് പോലീസ് 2003 ഒക്ടോബറിൽ 'ഏറ്റുമുട്ടലിൽ' കൊലപ്പെടുത്തിയിരുന്നു. സൊഹ്റാബുദ്ദീൻ കേസിലും ഏറ്റവുമൊടുവിൽ ഇശ്റത്ത് ജഹാൻ കേസിലും കുറ്റാരോപിതരായ അതേ പോലീസ് അസിസ്റ്റന്റ് കമീഷണർ നരേന്ദർ അമീനായിരുന്നു ഈ സംഭവത്തിന്റെ പിന്നിലും ഉണ്ടായിരുന്നത്. ഈ തെമ്മാടികളെ കുറിച്ച ഏത് പുതിയ വെളിപ്പെടുത്തലുകളും 'മോഡിയുടെ രാജി ആവശ്യം ശക്തമാകുന്നു' എന്ന 'സേഫ്റ്റിവാൽവ് വാർത്ത'യിലൂടെ മാധ്യമങ്ങൾ മുക്കിക്കളയുകയാണ് ചെയ്യുന്നത്. ഹിരൺ പാണ്ഡ്യ വധക്കേസിൽ നരേന്ദ്രമോഡി നേരിട്ടാണ് ഉത്തരവാദിയാകുന്നതെന്ന പൊള്ളുന്ന സത്യം ഇന്നും ആരും വേണ്ടരീതിയിൽ മനസ്സിലാക്കുന്നില്ല. ഹിരൺ പാണ്ഡ്യയുടെ പിതാവ് വിത്തൽഭായി പാണ്ഡ്യ പോലും വിശ്വസിച്ചിട്ടില്ലാത്ത സിദ്ധാന്തമായിരുന്നു ഗുജറാത്ത് പോലീസിന്റേത്. മാത്രമല്ല മോഡിയും തന്റെ മകനും തമ്മിലുള്ള രാഷ്ട്രീയ വൈരമാണ് സംഭവത്തിന്റെ പിന്നിലെന്ന് അദ്ദേഹം പരസ്യമായി ആരോപിക്കുകയും ചെയ്തു.

ഏറ്റവുമൊടുവിൽ ഇശ്റത്ത് ജഹാൻ എന്ന താനെക്കാരി പെൺകുട്ടിയുടെ കൊലപാതകമാണ് ഗുജറാത്ത് മുഖ്യന്റെ ചോരമണക്കുന്ന തൊപ്പിയിലെ പുതിയ പൊൻതൂവൽ. മോഡിയെ വധിക്കാനെത്തിയെന്ന് ആരോപിക്കപ്പെട്ട ഈ പെൺകുട്ടിയെക്കുറിച്ച് അന്വേഷിക്കാൻ കോടതി നിയോഗിച്ച കമീഷന്റെ കണ്ടെത്തലിന്റെ സാങ്കേതികത്വം ചർച്ചക്കുവെക്കാനൊരുങ്ങുകയാണ് മോഡിയും കൂട്ടരും. സ്വാഭാവികമായും ഒരു മുൻസിഫിന്റെ അധികാരപരിധിയെ കുറിച്ച ഈ ' ഇമ്മിണി ബല്യ ചോദ്യം' വരുംദിവസങ്ങളിൽ നമ്മുടെ പ്രാതലിനൊപ്പം മാധ്യമങ്ങൾ വിളമ്പിത്തരുമായിരിക്കും. പക്ഷേ നാം അറിയേണ്ടുന്ന ചില അൽപ്പത്തങ്ങളുണ്ട്. മുംബൈയിൽ നിന്നും അഹമ്മദാബാദിലേക്കു പുറപ്പെട്ടു പോയ ലശ്കർ സംഘാംഗങ്ങളിൽ മാത്രമല്ല പക്ഷേ ഇശ്റത്ത് ജഹാന്റെ പേരുള്ളത്. അയോധ്യയിലേക്കും ഈ കോളേജ് വിദ്യാർഥിനി ഭീകരാക്രമണത്തിന് പുറപ്പെട്ടു പോയതായി യു.പി പോലിസിന്റെ കേസ്ഡയറിയിലുണ്ട്! ഗുജറാത്തിൽ മോഡിയുടെ കൊലയാളി ഭരണകൂടത്തിൽ ആരോപിക്കപ്പെടുന്ന വൃത്തികേടുകളെ ഏറ്റുപിടിക്കുന്ന ഈ നൃശംസനീയതയെ കുറിച്ച് ഇനി ഏത് കമീഷനാവും അന്വേഷണം നടത്തുന്നത്? ■